# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.753 13.06.2012 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ ഡാം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) സർവ്വെയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ച് പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാമിന്റെ രൂപകൽപ്പന പൂർത്തിയാക്കി ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിനും ഉന്നതാധികാര സമിതിക്കും സമർപ്പിച്ചു. പുതിയ ഡാമിന്റെ അഡീഷണൽ ഏരിയയുടെ പരിസ്ഥിതി ആഘാതപഠനം നടത്താനായി പ്രഗതി ലാബ്സ് & കൺസൾട്ടൻസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പുതിയ ഡാമിന്റെ |

നിർമ്മാണ നിർവ്വഹണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിന് വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** തമിഴ്നാട്ടിലേയും കേരളത്തിലേയും ജനങ്ങൾ തമ്മിലുള്ള നല്ലബന്ധം നിലനിർത്തുന്നതിന് ഉള്ള ശ്രമങ്ങൾക്ക് മുൻകൈ എടുക്കുമോ;

**(ബി)** ഇരു സംസ്ഥാനങ്ങളും തമ്മിൽ നല്ല ബന്ധം നിലനിർത്തുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**(സി)** പുതിയ ഡാം സംബന്ധിച്ച് സംസ്ഥാനത്തിന്റെ പ്രഥമ പരിഗണന എന്താണെന്ന് വിശദമാക്കുമോ?

**(സി)** തമിഴ്നാടിന് ജലം കേരളത്തിന് സുരക്ഷ എന്ന ആശയം മുൻനിർത്തി കേരളത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ഡാം എന്ന നിർദ്ദേശം കേരള സർക്കാർ മുന്നോട്ടു വച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ